പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4985 04-07-2012 - ൽ മറുപടിക്ക്

## നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ ചട്ടങ്ങൾ

**ചോദ്യം**

ശ്രീ. എം. എ. ബേബി
ശ്രീമതി. പി. ഐഷാപോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. കെ.കെ.ജയചന്ദ്രൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ ചട്ടങ്ങൾ ഇനിയും പുറപ്പെടുവിച്ചിട്ടില്ലാത്തവ ഏതൊക്കെയാണ്; വിശദമാക്കാമോ; അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. നിയമ പാസ്സാക്കിയതും നിയമ വകുപ്പിന് ഭരണ നിർവ്വഹണ ചുമതലയുള്ളതുമായ നിയമങ്ങളുടെ കീഴിലുള്ള ചട്ടങ്ങൾ എല്ലാം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നിയമങ്ങൾ നിർമ്മിക്കപ്പെട്ടാൽ എത്ര ദിവസത്തിനകം ചട്ടങ്ങൾ തയ്യാറാക്കി പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്? | കേരള നിയമ സഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 238-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടത്തിൽ, ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾക്കനുസൃതമായി ഉണ്ടാക്കേണ്ടതായിട്ടുള്ള കരട് ചട്ടങ്ങൾ എത്രയും വേഗത്തിലും പ്രസ്തുത ആക്റ്റിന്റെ ഗസറ്റിലെ പ്രസിദ്ധീകരണ തീയതി മുതൽ 90 ദിവസങ്ങൾക്കകത്തും തയ്യാറാക്കി ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിയ്ക്ക് അയച്ചുകൊടുക്കേണ്ടതുണ്ടെന്നും സബ്ജക്ട് കമ്മിറ്റി പ്രസ്തുത കരട് ചട്ടങ്ങൾ/ റഗുലേഷനുകൾ ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം പരിഗണിക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.